കോർപ്പറേറ്റുകൾ നടത്തിയ പാരിസ്ഥിതിക ചൂഷണത്തെ ഇച്ഛാശക്തികൊണ്ട് ചെറുത്തുതോൽപ്പിച്ച ഓസ്ട്രേലിയൻ ദ്വീപസമൂഹങ്ങൾക്കടുത്തുള്ള ബോഗേൻവില്ല എന്ന ചെറിയ നാടിന്റെ കഥ.

# നാളികേര വിപ്ലവവും ബോഗേൻ വില്ലയും

കെ.ആർ. അജിതൻ

**ജനാധിപത്യവ്യവസ്ഥയിലെ നിർണ്ണായകമായ പങ്ക് വഹിച്ച് നമ്മെളെല്ലാം ചാരിതാർഥ്യത്തോടെ കഴിഞ്ഞു കൂടുകയാണല്ലോ? സമൂഹത്തെ അലോസരപ്പെടുത്തിക്കൊണ്ടിരിക്കുന്ന ജനകീയ പ്രശ്നങ്ങളൊക്കെ ഇപ്പോഴും പഴയപടി തന്നെ തുടരുന്നു. അടുത്ത കാലത്തൊന്നും ചെങ്ങറയിലും, മുത്തങ്ങയിലും മൂലമ്പിള്ളിയിലും ഏതെങ്കിലും തരത്തിലുള്ള പരിഹാര ശ്രമങ്ങൾ നടക്കുമെന്ന് തോന്നുന്നില്ല. ബുദ്ധിമുട്ടനുഭവിക്കുന്ന ജനങ്ങളുടെ ജീവിതം കൂടുതൽ മലീമസമാവുമെന്നല്ലാതെ ലാലൂരിലും ചക്കംകണ്ടത്തും എന്തു പോംവഴിയാണ് ഉണ്ടാകാൻ പോകുന്നത്? ഇടതു വലതു ഭേദമന്യെ രാഷ്ട്രീയ പാർട്ടികളെ ജനകീയ പ്രശ്നങ്ങളെ അപ്പോഴത്തെ കാര്യങ്ങൾക്കുവേണ്ടി മാത്രം ഉപയോഗപ്പെടുത്തുമ്പോൾ പിറന്നമണ്ണിൽ സാധാരണ ജീവിതത്തനുവേണ്ടി നാമെന്തുചെയ്യണം? അഥവാ, കച്ചവടതാൽപര്യങ്ങൾ മാത്രം മഹനീയമാകുന്ന ഒരുവ്യവസ്ഥിതിയിൽ സാധാരണ ജനങ്ങളുടെ ചെറുത്തുനിൽപ്പുകൾക്ക് എന്തു സാംഗത്യമാണുള്ളത്? നമ്മുടെ നാട്ടിൽ ജനകീയ സമരങ്ങൾ രാഷ്ട്രീയ താൽപര്യങ്ങൾക്കുമുന്നിൽ അടിയറവുപറയുന്ന കാഴ്ചയാണ് ഇപ്പോൾ കണ്ടുവരുന്നത്. കേരളം വലിയൊരു ലാലൂരോ മുരിയാടോ ആയി മാറിക്കൊണ്ടിരിക്കുമ്പോൾ പരിസ്ഥിതി സംരക്ഷിക്കുന്നതിനായി ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ നടക്കുന്ന ജനകീയ സമരങ്ങൾക്ക് എന്താണ് സംഭവിക്കുന്നതെന്ന് ഓസ്ട്രേലിയയ്ക്കടുത്തുള്ള ബോഗേൻവില്ല എന്ന ദ്വീപസമൂഹത്തിലെ ജനങ്ങൾ നടത്തിയ ചെറുത്ത് നിൽപ്പിനെ കുറിച്ച് പരിശോധിക്കാം.**

പ്രകൃതിയിൽ സമൃദ്ധമായുള്ള വിഭവങ്ങൾ രാജ്യ പുരോഗതിക്കുവേണ്ടി എങ്ങനെ ഉപയോഗിക്കാം? തീർച്ചയായും കുഴിച്ചെടുത്ത് കയറ്റുമതി ചെയ്തുകിട്ടുന്ന വിദേശനാണ്യം കൊണ്ട് ആശുപത്രികളും സ്കൂളുകളും റോഡുകളും നിർമ്മിക്കാമെന്നാണ് ശാന്ത മഹാസമുദ്രത്തിൽ ഓസ്ട്രേലിയയ്ക്കടുത്തുള്ള ബോഗേൻവില്ല ദ്വീപ് നിവാസികൾ തീരുമാനിച്ചത്. അതുപ്രകാരം ഒന്നേമുക്കാൽ ലക്ഷത്തോളം ജനങ്ങൾ താമസിക്കുന്ന ഈ ദ്വീപിൽ ബോഗേൻവില്ല കോപ്പർ ലിമിറ്റഡിന്റെ(ബി.സി.എൽ) ചെമ്പുഖനി 1970ൽ സ്ഥാപിതമായി. ഓസ്ട്രേലിയൻ മൈനിംഗ് ഭീമനായ സി.ആർ.എ എക്സ്പ്ലോറേഷൻസിന്റെ ഒരു ഡിവിഷനായിരുന്നു ബി.സി.എൽ എങ്കിലും ഹോർഡിംഗ് കമ്പനി ബ്രിട്ടീഷ് കേന്ദ്രമായ ബഹുരാഷ്ട്രകുത്തക റിയോ ട്രിന്റോ ആയിരുന്നു. കമ്പിനിയിൽ നിന്നുള്ള ശമ്പളവും ഖനനം ചെയ്ത സ്ഥലത്തിന്റെ പാട്ടവുമായപ്പോൾ ജനങ്ങൾ സംതൃപ്തരായിരുന്നു. എന്നാൽ പത്ത് വർഷത്തിനുള്ളിൽ അവർക്ക് ഖനനത്തിന്റ വിപത്തുകൽ അനുഭവപ്പെട്ട് തുടങ്ങി.

ഖനനാവശിഷ്ടങ്ങളിൽ നിന്നുള്ള വിഷാംശം നിറഞ്ഞ് ദ്വീപിലെ ജാബാ നദി നശിച്ചു. കുടിവെള്ളം ഉപയോഗിക്കാൻ പറ്റാതെയായി. പലതരത്തിലുള്ള അസുഖങ്ങളും ജനനവൈകല്യങ്ങളും സാർവ്വത്രികമായി. അന്തരീക്ഷമലിനീകരണം കാരണം ഇതിനൊക്കെ പുറമെ ഫൈയിംഗ് ഫോക്സ് എന്ന് പേരുള്ള വവ്വാലുകൾ ദ്വീപിൽ നിന്നും പാടെ തുടച്ചു നീക്കപ്പെട്ടു. ജനങ്ങൾ പലതവണ ദ്വീപിനുമേൽ ഭരണാധികാരമുള്ള പാപ്പുവ ന്യൂഗിനി സർക്കാരിനോട് പരാതിപ്പെട്ടെങ്കിലും അവർ കേട്ടഭാവം നടിച്ചില്ല. സർക്കാരിന്റെ വിദേശനാണ്യത്തിന്റെ 45% ഈ ഖനിയിലാണ് നേടിക്കൊടുക്കുന്നതെങ്കിലും പരിസ്ഥിതി പ്രശ്നങ്ങൾക്ക് ഒരു പരിഹാരവുമുണ്ടായില്ല. ലോകത്തിലെ ഏറ്റവും വലിയ ഓപ്പൺപിറ്റ് ഖനിയിൽ നിന്നുമുള്ള മാരകാവശിഷ്ടങ്ങൾ വീണ് കാടും പരിസ്ഥിതിയും നദിയും കടലും നശിച്ചുകൊണ്ടേയിരിന്നു.

മലിനീകരണം കൊണ്ട് പൊറുതിമുട്ടിയപ്പോഴാണ് ബി.സി.എല്ലിൽത്തന്നെ

സർവ്വവ്യാപിയായി ജോലി ചെയ്തിരുന്ന ഫ്രാൻസിസ് ഒഹാമയുടെ നേതൃത്വത്തിൽ ജനങ്ങൾ സംഘടിച്ചത്. സമരം ശക്തമായതിനെ തുടർന്ന് 1988ൽ നാട്ടുകാരെ ചർച്ചയ്ക്ക് വിളിക്കാതെ കമ്പിനിക്ക് രക്ഷയില്ലാതെ വന്നു. എന്നാൽ വവ്വാലുകൾ ചത്തൊടുങ്ങിയത് തൊട്ടടുത്ത ദ്വീപിൽ നിന്നും പടർന്ന് പിടിച്ച ഒരു തരം വൈറസ് മൂലമാണെന്നും ജാബാ നദിയിൽ മലിനീകരണമില്ലെന്നുമുള്ള വിഡ്ഢിത്തങ്ങൾ കേട്ട് ഒനാ യോഗത്തിൽ നിന്നും ഇറങ്ങിപ്പോയി. കമ്പിനിയുടെ ഏകപക്ഷീയമായ പ്രവർത്തനങ്ങൾ ജനങ്ങളെ ആയുധമെടുക്കാൻ നിർബന്ധിതരാക്കി. ഓസ്ട്രലിയൻ ഭരണകൂടത്തിന്റെ ഒത്താശയോടെ പാപ്പന്യൂഗിനിയ സൈന്യവും പോലീസും ജനങ്ങളെ അടിച്ചമർത്തി. ഓസ്ട്രേലിയ ഏകദേശം 32 മില്യൺ ഡോളറിന്റെ സൈനിക സഹായം ചെയ്തുവെന്നാണ് കണക്ക്. സമരക്കാരുടെ നിരന്തരമായ അട്ടിമറി ശ്രമങ്ങളെത്തുടർന്ന് 1984 ജൂലൈ 15ന് കമ്പനി അടച്ച് പൂട്ടി. ഫ്രാൻസിസ് ഒനാ ബോഗേൻവില്ലാ വിപ്ലവസേന രൂപീകരിച്ച് ഒളിപ്പോർ ശക്തമാക്കിയതോടെ പാപ്പന്യൂഗിനി സർക്കാർ ദ്വീപിനെ പരിപൂർണ്ണ ഉപരോധത്തിലാക്കി.

ജനിച്ചുവളർന്ന നാടിന്റെ അഭ്യുന്നതിക്ക് വേണ്ടി സമരം ചെയ്ത ജനങ്ങളെ അമർച്ചചെയ്യാൻ ബ്രിട്ടീഷ് സ്വകാര്യമിലിട്ടറി കമ്പിനിയായ ഡാൻസ്ലൈൻ ഇന്റർനാഷണൽസിന്റെ പ്രോഫഷണൽ സഹായം പോലും സർക്കാരിന് ലഭിച്ചു. പിന്നീട് ലൈബീരിയയിലും അംഗോളയിലും സിറിയാലിയോണിലും പട്ടള അട്ടിമറിക്ക് കരുക്കൾ നീക്കിയവരാണ് ഡാൻസ്ലൈൻ എന്നോർക്കുക.

മിലിറ്ററി ബോട്ടുകളും ബുൾഡോസറുകളും ദ്വീപിനെ പരിപൂർണ്ണമായും ഒറ്റപ്പെടുത്തി. ഭക്ഷണം, ഇന്ധനം, മരുന്ന് എന്നിവ തീരെ ലഭിക്കാതെയായി. സാധാരണ ജീവിതം ഇങ്ങനെ ക്രൂരമായി പിച്ചിചീന്തപ്പെട്ടപ്പോൾ ലോകത്തിലെ പരിസ്ഥിതി അധിഷ്ഠിത യുദ്ധത്തിന് ബോഗേൻവില്ലാ ദ്വീപിൽ വേദിയൊരുങ്ങുകയായിരുന്നു. ഇലക്ട്രിസിറ്റിയോ പെട്രോളോ ഇല്ല. കുടിവെള്ളം പോലും കിട്ടാതെയായി. ആകെയുള്ളത് കാടും കുറെ തെങ്ങുകളും മാത്രം. പക്ഷെ ബി.ആർ.എ ആധ്യാത്മികവും പാരിസ്ഥിതികവുമായ മുന്നേറ്റത്തിന് തയ്യാറായിരുന്നു.

അമ്പും വില്ലും കമ്പും വടികളും മിഷീൻ ഗണ്ണുകൾക്ക് മറുപടി പറഞ്ഞു. ഖനിയിലെ അവശിഷ്ടങ്ങൾ പുനരുപയോഗിച്ചും ഫാക്ടറിയിലെ പഴയ യന്ത്രഭാഗങ്ങളെടുത്തും ഫയറിംഗ് മെഷീനുകളുണ്ടാക്കി മിലിറ്ററിക്കെതിരെ ഉപയോഗിച്ചു. മോഷ്ടിച്ച ട്രക്കുകളിൽ വെളിച്ചെണ്ണയൊഴിച്ചോടിച്ചാണ് ഗറില്ലകളെ പട്ടാളക്കാർക്കെതിരെ വിന്യസിച്ചത്. 8 വർഷം നീണ്ട യുദ്ധത്തിൽ നാളികേരത്തിന്റെ സാധ്യതകൾ ഒളിപ്പോരാളികൾ പരമാവധി പ്രയോജനപ്പെടുത്തി. അതുകൊണ്ട് തന്നെ ഈ യുദ്ധത്തെ ചരിത്രത്തിൽ കോക്കനട്ട് റവല്യൂഷൻ എന്നറിയപ്പെടുന്നു (ഇതേ പേരിൽ ഡോം റൊതേസൂ സംവിധാനം ചെയ്ത ലോകപ്രശസ്ത ഡോക്യുമെന്ററി യൂട്യൂബിൽ കാണുക). 1997ൽ വെടി നിർത്തുമ്പോൾ 15000നും 20000നും ഇടയിൽ ജീവൻ അപഹരിച്ചിരുന്നു. പോലീസ് തേർവാഴ്ചയിൽ 1600ഓളം വീടുകൾ നശിപ്പിക്കപ്പെട്ടു. പുതിയ സർക്കാർ നിലവിൽ വന്നെങ്കിലും സ്ഥാനമാനങ്ങൾ സ്വീകരിക്കാൻ ഓന തയ്യാറായില്ല. കോടിക്കിന് രൂപയ്ക്കുള്ള നഷ്ടപരിഹാര കേസ് കമ്പിനിയായ റിയോട്രിന്റോയ്ക്കെതിരെ യു.എസ് ഒമ്പാതാം സർക്ക്യൂട്ട് കോടതിയിൽ ഇപ്പോഴും തുടരുന്നു. പരിസ്ഥിതി നാശത്തിനും യുദ്ധ കുറ്റകൃത്യങ്ങൾക്കുമായി 1969ൽ കമ്പിനി സ്ഥാപിച്ച ശേഷം ഇന്നുവരെയുള്ള ലാഭത്തിന്റെ പകുതിയോളം വരും ഈ തുക. ബോഗേൻവില്ല ദ്വീപിനെ മലിനമാക്കിയ ബി.സി.എൽ കമ്പിനി പിന്നീട് തുറന്നതേയില്ല. ജനങ്ങൾ പരിസ്ഥിതി സൗഹൃദം അടിസ്ഥാനമാക്കിയ പുതിയ ഉത്പാദന മേഖലകളിലേക്ക് കടന്നു വരുകയായിരുന്നു.

*(ഫ്രാൻസിസ് ഓന 2005 ജൂലൈ 24ന് മലേറിയ ബാധമൂലം മരിച്ചു പോയി).*

# ഇന്ത്യയിൽ അമേരിക്കൻ അണുനിലയം

അമേരിക്കയുമായി ഒപ്പുവെച്ച ആണവകരാറിന്റെ തുടർച്ചയായി ഗുജറാത്തിലും ആന്ധ്രപ്രദേശിലും ആണവ നിലയങ്ങൾ വരുന്നു. ഇന്ത്യയ്ക്ക് വൻതോതിൽ പ്രതിരോധ സാമഗ്രികൾ വിൽക്കുന്നതിനുള്ള സുപ്രധാന കരാറിനും അന്തിമരൂപമാകുന്നു. ഇന്ത്യ നൽകിയ താൽപര്യ പത്രത്തിലെ വ്യവസ്ഥകൾ പ്രകാരമാണ് അമേരിക്കൻ കമ്പിനിക്ക് ആണവനിലയങ്ങൾ തുടങ്ങാനുള്ള അനുമതി. 10,000 മെഗാവാട്ട് വൈദ്യുതി വാങ്ങാൻ ഇന്ത്യയെ ബാധ്യസ്ഥമാക്കുന്നതാണ് താൽപര്യപത്രം. അതനുസരിച്ച് ചുരുങ്ങിയത് രണ്ട് അമേരിക്കൻ ആണവനിലയങ്ങൾക്ക് ഇന്ത്യയിൽ സ്ഥലസൗകര്യങ്ങൾ നൽകാനുള്ള സന്നദ്ധത ഗുജറാത്തും ആന്ധ്രയും കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. നിലയത്തിന് ഭൂമിയും സൗകര്യങ്ങളും ലഭ്യമാക്കുന്നതിന്റെ വിശദാംശങ്ങൾ അമേരിക്കയ്ക്ക് കേന്ദ്രം കൈമാറിയിട്ടുണ്ട്.

*(അവലംബം : മാധ്യമം ദിനപത്രം).*


**books magazines periodicals**

BYWORD BOOKS

marva plaza
machingal lane
m.g. road, thrissur
Tel. : 0487 3256689,
Mob : 9847764577

**for rare and new books**